"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - വൈഗ അന്തർദേശീയ പ്രദർശനവും ശില്പശാലയും - ടിക്കറ്റ് ലഭിച്ച തുകയിൽ നിന്നും വീട് നിർമ്മിക്കുന്നതിന് അനുമതി നൽകിയ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം ബി) വകുപ്പ്**

സ.ഉ.(സാധാ) നം.620/2023/AGRI തീയതി,തിരുവനന്തപുരം, 26-06-2023

---

പരാമർശം:- 1. സ.ഉ (സാധാ) നം.106/2023/കൃഷി തീയതി 01.02.2023

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2023 ലെ ടി.എം (2)2546/2021 നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം താഴെ പറയുന്ന വ്യക്തികൾക്ക് വൈഗ-2020 അന്തർദേശീയ പ്രദർശനത്തിന്റെ ടിക്കറ്റ് വിൽപ്പനയുടെ ലഭിച്ച 22,92,259/- രൂപയിൽ നിന്നും ലക്ഷം 5.7 ലക്ഷം രൂപ വീതം നൽകി KLDC മുഖേന വീട് നിർമ്മിക്കുന്നതിനായി കൃഷി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1. ശ്രീ. മുഹമ്മദ് അഫ്സൽ, S/o മുഹമ്മദ് ഷഹാവുദ്ദീൻ, ചെറിയ വീട്ടിൽ, വെള്ളാങ്ങല്ലൂർ, പിൻ - 680662, തൃശ്ശൂർ
2. സന്തോഷ് പി.വി, പുഴയ്ക്കൽ വീട്, ചെറുകുന്ന്, വെട്ടുകാട് പി.ഓ - 680014, തൃശ്ശൂർ
3. ശ്രീമതി. ആതിര & ആകാശ്, C/o ബാലൻ (late), പയറ്റില്ലം പറമ്പത്തുവീട്, പോത്താനിദേശം, എടതിരിഞ്ഞി വില്ലേജ്, മുകുന്ദപുരം-680122, തൃശ്ശൂർ
4. ശ്രീമതി. മല്ലിക.കെ.ആർ, കണക്കത്രവീട്, അന്തിക്കാട് പി.ഒ, പടിയം വില്ലേജ്, അന്തിക്കാട്, തൃശ്ശൂർ.

2) മേൽ ഉത്തരവ് പരിഷ്കരിച്ച് "വൈഗ അന്തർദേശീയ പ്രദർശനങ്ങളുടെ ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിച്ച കൃഷി ഡയറക്ടറുടെ കാത്തലിക് സിറിയൻ ബാങ്ക്, തൃശ്ശൂർ ശാഖയിലെ ബാങ്ക് അക്കൗണ്ടിൽ (ബാങ്ക് അക്കൗണ്ട് നമ്പർ:009404005981195001) ലഭ്യമായ 22.92259 ലക്ഷം രൂപ ചെലഴിച്ച് 4 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 2 കത്ത് പ്രകാരം കൃഷി ഡയറക്ടർ ആവശ്യപെട്ടിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശ ഉത്തരവിന്റെ 4-ാം ഖണ്ഡിക ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ചു ഉത്തരവാകുന്നു ;

"വൈഗ" അന്തർദേശീയ പ്രദർശനങ്ങളുടെ ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിച്ച കൃഷി ഡയറക്ടറുടെ കാത്തലിക് സിറിയൻ ബാങ്ക്, തൃശ്ശൂർ ശാഖയിലെ ബാങ്ക് അക്കൗണ്ടിൽ (ബാങ്ക് അക്കൗണ്ട്

നമ്പർ:009404005981195001) ലഭ്യമായ 22.92259 ലക്ഷം രൂപ ചെലഴിച്ച് മേൽ പരാമർശിച്ച വ്യക്തികൾക്ക് KLDC മുഖേന 4 വീടുകൾ നിർമ്മിക്കുന്നതിനായി കൃഷി ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു."

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ധനകാര്യ/ആസൂത്രണ സാമ്പത്തിക കാര്യാ വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Nisha T K
Date: 26-06-2023 13:29:14